Office of the Chief Engineer
LSGD Thiruvananthapuram

**തിരുവനന്തപുരം നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവ് നടപടികൾ**
**(ഹാജർ ശ്രീ. മുഹമ്മദ് അഷ്റഫ്)**

തിരുവനന്തപുരം നഗരസഭ- എഞ്ചിനീയറിംഗ് വിഭാഗം- കരാറുകാരൻ ശ്രീ. വിനീത്.കെ. ആർ യെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

**No.E5/59120/18** തിരുവനന്തപുരം തീയതി : **14.02.2020**

---

പരാമർശം - 1 എഗ്രിമെന്റ് നമ്പർ 9/AEE2/TVPM Central/18-19 dtd. 01.8.2018
2. കൗൺസിൽ തീരുമാനം നമ്പർ 3(ഇ)72 തീയതി 16.12.2019.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിലെ ശാസ്തമംഗലം വാർഡിലെ കൊച്ചാർ റോഡ്, പൈപ്പിൻ മൂട്, ശിവൻകോവിൽ റോഡ്, കാവുവിള ലെയിൻ, ശ്രീരാഗം ലെയിൻ, കുറുപ്പ് ലെയിൻ എന്നിവിടങ്ങളിലെ റീടാറിംഗ്, റീകോൺക്രീറ്റിംഗ്, ഓട നവീകരണം പ്രവൃത്തിയ്ക്കായി ശ്രീ. വിനീത് കെ.ആർ എന്ന കരാറുകാരൻ മേൽ പരാമർശം(1) പ്രകാരം നഗരസഭ ഓഫീസുമായി കരാറുടമ്പടി വച്ച് പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ ടിയാന് നോട്ടീസ് നൽകുകയും ടിയാൻ പ്രവൃത്തി നടത്തുവാൻ വീഴ്ച വരുത്തിയതിനാൽ മേൽ പരാമർശം(2) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ PWO മാന്വൽ ക്ലോസ് 2116-2 പ്രകാരം ടിയാളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു. ടിയാനെ ഇനിമേൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ആയത് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അറിവിലേയ്ക്കും നടപടികൾക്കുമായി നൽകുന്നു.

സൂപ്രണ്ടിംഗ് എഞ്ചിനീയർ

പകർപ്പ് -
1. ബഹു. മേയറുടെ മേശപ്പുറത്ത്
2. എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ അറിവിലേയ്ക്ക്.
3. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ അറിവിലേക്ക്.
4. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ചീഫ് എഞ്ചിനീയറുടെ അറിവിലേക്ക്.
5. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മേശപ്പുറത്ത്.
6. ബഹു. സെക്രട്ടറിയുടെ മേശപ്പുറത്ത്
7. എല്ലാ പൊതുമരാമത്ത് നിർവ്വഹണ ഉദ്യോഗസ്ഥർക്കും.
8. നോട്ടീസ് ബോർഡ്
9. ശ്രീ. വിനീത്. കെ.ആർ, കോൺട്രാക്ടർ, പ്ലാവറത്തല, കണ്ണറവിള, നെല്ലിമൂട് പി.ഒ, തിരുവനന്തപുരം (By Regd. Post)

Sh